നിത്യത നിൻ ജീവിതം നീ സ്വർഗ്ഗം പൂകുമോ?

സത്വരം നീ ചിന്ത ചെയ്ക സോദരാ ഇപ്പോൾ -2

ആശ്രയിക്കുക വിശ്വസിക്കുക...2

ക്രിസ്തുയേശുവിൻ രുധിരം നിന്നെ രക്ഷിക്കും...2 നിത്യത...1, സത്വരം...2

ഘോരപാപക്കുഴിയിൽ നിന്നും നിന്നെ ഏറ്റുവാൻ

കരതലങ്ങൾ നീട്ടി യേശു നിന്നെ വിളിപ്പൂ -2

സ്നേഹമോലുന്ന ദിവ്യശബ്ദത്തെ...2

ചെവിതരാതെ മറികടന്നു പോയിടല്ലെ നീ...2 നിത്യത...1, സത്വരം...2

അന്ധകാരശക്തിയിന്നു മനുജരെയെല്ലാം

ബന്ധനത്തിലാക്കി പാപ ചെളിയിലാഴ്ത്തുന്നേ -2

മുക്തിനേടുക നരകയാതന...2

മാറ്റിനിന്നെ സ്വീകരിക്കും യേശു നായകൻ...2 നിത്യത...1, സത്വരം...2

കഷ്ടനഷ്ട വ്യാകുലങ്ങളാധി വ്യാധികൾ

എല്ലാമേശു രക്ഷകൻറെ പാദമർപ്പിക്കൂ -2

സ്വസ്ഥതതരും ശാന്തിയേകീടും...2

പതറിടേണ്ട തണലുനൽകും ക്രൂശിലെ സ്നേഹം..2 നിത്യത...1, സത്വരം...2

സാരമില്ല ദുരിതമെല്ലാം നീങ്ങിപ്പോകുമേ

നിത്യതേജസ്സോർത്തു തുഷ്ടി പ്രാപിക്കാമിഹേ -2

വാഗ്ദത്തമുണ്ടേ യേശു നാഥൻറെ...2

പുനരാഗമന നാളിനായൊരുങ്ങീടാം വേഗം...2 നിത്യത...1, സത്വരം...2

Nithyatha nin jeevitham nee svarggam pookumo?
sathvaram nee chintha cheyka sodaraa ippol
aasrayikkuka visvasikkuka...2
kristhuyesuvin rudhiram ninne rakshikkum...2

nithyatha...1 sathvaram...2
ghorapaapakkuzhiyil ninnum ninne etuvaan
karathalangngal neetti yesu ninne vilippoo
snehamolunna divyasabdaththe...2
chevitharaathe marrikatannu poyitalle nee...2
nithyatha...1 sathvaram...2
andhakaarasakthiyinnu manujareyellaam
bandhanaththilaakki paapa cheliyilaazhththunne
mukthinetuka narakayaathana...2
maatininne sveekarikkum yesu naayakan...2
nithyatha...1 sathvaram...2
kashtanashta vyaakulangngalaadhi vyaadhikal
ellaamesu rakshakante paadamarppikkoo
svasthhathatharum saanthiyekeetum...2
patharritentan thanalunalkum kroosilesneham...2
nithyatha...1 sathvaram...2

saaramilla durithamellaam neengngippokume
nithyathejassorththu thushti praapikkaamihe
vaagdaththamunten yesu naathhante...2
punaraagamana naalinaayorungngeetaam vegam...2
nithyatha....1 sathvaram...2